**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3787** **03-03-2023 - ൽ മറുപടിയ്ക്ക്**

**വി.വി.ഐ.പി. സുരക്ഷ ചെലവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വി.വി.ഐ.പി. കളുടെ റോഡ് യാത്ര വേഗത്തിലും സുഗമവുമാക്കാൻ അടുത്ത കാലത്തായി സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ; | (എ) | സംസ്ഥാനത്ത് ഉള്ളവരും സംസ്ഥാനം സന്ദർശിക്കുന്നവരുമായ വിശിഷ്ട വ്യക്തികൾക്കും അവരുടെ യാത്രവേളകളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവർക്ക് നൽകിയിരിക്കുന്ന കാറ്റഗറിക്കനുസരിച്ചും സുരക്ഷാ ക്രമീകരണങ്ങൾ പോലീസ് ചെയ്തു വരുന്നു. സുരക്ഷ കാറ്റഗറിയിലുള്ളവർക്ക് സുരക്ഷ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻകരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രാലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. |
| (ബി) | വി.വി.ഐ.പി. കാറ്റഗറിയിൽ ഉൾപ്പെടുന്നവർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) | സുരക്ഷ നൽകുന്നതിൽ വി.ഐ.പി കാററഗറി എന്നൊരു പ്രത്യേക വിഭാഗമില്ല. കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ മാർഗ്ഗനിർദ്ദേശ പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ വിശിഷ്ട വ്യക്തികളുടേയും മറ്റ് സാധാരണ വ്യക്തികളുടേയും സുരക്ഷ അവലോകനം നടത്തി അവർക്ക് ആവശ്യമുള്ള സുരക്ഷ നൽകണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 07.05.2018 തീയതിയിലെ സ.ഉ.(സാ.ധാ) നം.1321/18/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ചിട്ടുള്ള സെക്യൂരിറ്റി റിവ്യൂ കമ്മിറ്റി ആണ് സംസ്ഥാനത്ത് സുരക്ഷാ ഭീഷണി നേരിട്ടു ന്ന വ്യക്തികൾക്ക് ഏതു കാറ്റഗറിയിലുള്ള സുരക്ഷയാണ് നൽകേണ്ടത് എന്ന് തീരുമാനിക്കുന്നത്. പ്രസ്തുത കമ്മിറ്റി ആറ് മാസത്തിലൊരിക്കൽ അവലോകന യോഗം കൂടി സുരക്ഷ വിലയിരുത്തി വരുന്നു. |
| (സി) | വി.വി.ഐ.പി. കളുടെ യാത്ര സുരക്ഷിതമാക്കാൻ ഒരു ദിവസം ഉണ്ടാകുന്ന ചെലവ് എത്രയാണെന്ന് വ്യക്തമാക്കാമോ; | (സി) | സുരക്ഷ കാറ്റഗറിയിലുള്ളവർക്ക് സുരക്ഷ ക്രമീകരണങ്ങളും അതുമായി ബന്ധപ്പെട്ട മുൻ കരുതൽ നടപടികളും കേന്ദ്ര ആഭ്യന്തര മന്ത്രലയം പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദേശങ്ങൾക്കനുസരിച്ചാണ് നടപ്പിലാക്കുന്നത്. ആയതിനാൽ ഇതിനായി നിയോഗിക്കുന്നവരുടെ |

| | | | |
|---|---|---|---|
| | | | ശമ്പളമോ മറ്റ് ചെലവുകളോ പ്രത്യേകമായി കണക്കാക്കാറില്ല |
| (ഡി) | മുഖ്യമന്ത്രിക്ക് മാത്രം സുരക്ഷ ഒരുക്കുന്നതിന് ഒരു ദിവസം എത്രയാണ് ചെലവെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; | (ഡി) | സി പിരിവിലെ മറുപടിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ഇ) | ഗവർണറുടെയോ മുഖ്യമന്ത്രിയുടെയോ മറ്റ് വി.ഐ.പി. കളുടെയോ സുരക്ഷ ഉറപ്പാക്കാൻ അവരുടെ യാത്രാവഴിയിൽ മറ്റ് വാഹനങ്ങൾ തടയുന്നത് അഞ്ചോ പത്തോ മിനിറ്റിനകത്ത് ആകണമെന്ന് കോടതി വിധി ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ വിധിയുടെ പകർപ്പ് ലഭ്യമാക്കാമോ? | (ഇ) | ഇത്തരത്തിലൊരു കോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ